**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്–ജീവനക്കാര്യം-കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ശ്രീ. ജയ്സൺ സി. ക്ലൂപ്പർ, ക്ലാർക്ക് സമർപ്പിച്ച ഒ.എ.(ഇ.കെ.എം)നം. 1888/2017- ബഹു: കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 19.10.2017 ലെ ഉത്തരവ് നടപ്പാക്കികൊണ്ട് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (കൈ) നം.18/2018/ധന** **തിരുവനന്തപുരം, തീയതി : 10/01/2018**

പരാമർശം -
1) 25/2/2017 ലെ സ.ഉ(പി) നം.3/2017/ഉ.ഭ.പ.വ.
2) ഇൻഷ്വറൻസ് ഡയറക്ടറുടെ 25.08.2017 ലെ ഇൻഷ്വ/എസ്റ്റാ/ഇ 3/12678/2014 നമ്പർ ഉത്തരവ്.
3) ഒ.എ.(ഇ.കെ.എം)നം. 1888/2017 മേലുള്ള ബഹു: കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 19.10.2017 ലെ ഉത്തരവ്.
4) ശ്രീ. ജയ്സൺ സി. ക്ലൂപ്പർ സർക്കാർ മുമ്പാകെ സമർപ്പിച്ച 14.10.2017 തീയതിയിലെ അപേക്ഷ.
5) ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ (ഇൻറ്റലിജൻസ്) ന്റെ 04.05.2017 ലെ പി-23260/2017/എസ്.ബി. നമ്പർ കത്ത്.
6) ഇൻഷ്വറൻസ് ഡയറക്ടർ (ഇൻ-ചാർജ്ജ്)നുള്ള 10.01.2018 ലെ എസ്റ്റാ ഡി2/201/2017-ധന നമ്പർ സർക്കാർ കത്ത്.

**ഉത്തരവ്**

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ജയ്സൺ സി. ക്ലൂപ്പറെ പരാമർശം (2) പ്രകാരം എറണാകുളം ജില്ലാ ഓഫീസിൽ നിന്നും തിരുവനന്തപുരം ആസ്ഥാന കാര്യാലയത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകിയ ഇൻഷ്വറൻസ് ഡയറക്ടറുടെ ഉത്തരവ് റദ്ദാക്കി എറണാകുളം ജില്ലാ ഓഫീസിൽ തന്നെ തുടരാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ടിയാൾ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ.(ഇ.കെ.എം)നം. 1888/2017 ഫയൽ ചെയ്യുകയുണ്ടായി.

ബഹു: കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ പരാമർശം (3) ലെ അന്തിമ ഉത്തരവ് പ്രകാരം ശ്രീ. ജയ്സൺ സി. ക്ലൂപ്പറെ നേരിൽ കേട്ട ശേഷം സർക്കാർ മുമ്പാകെ ടിയാൾ സമർപ്പിച്ച പരാമർശം (4) ലെ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുവാൻ നിർദ്ദേശിക്കുകയുണ്ടായി.

ബഹു: കേരള അഡ്മിനിസേട്രറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) ലെ അന്തിമ ഉത്തരവിൽ നിർദ്ദേശിച്ചതനുസരിച്ച് 21.12.2017 ന് സർക്കാർ ശ്രീ. ജയ്സൺ സി. ക്ലൂപ്പറെ നേരിട്ട് കേൾക്കുകയും തദവസരത്തിൽ ടിയാൻ സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും ചെയ്തു. മാവോയിസ്റ്റ് അനുകൂല സംഘടനയുമായി ബന്ധമുണ്ടെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജയ്സൺ സി. ക്ലൂപ്പറെ എറണാകുളം ജില്ലയ്ക്ക് പുറത്തുള്ള മറ്റൊരു ഓഫീസിലേയ്ക്ക് സ്ഥലം മാറ്റണമെന്ന ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ (ഇൻറ്റലിജൻസ്) ന്റെ പരാമർശം (5) ലെ നിർദ്ദേശാനുസരണമാണ് ടിയാളെ അപ്പോൾ ഒഴിവ് നിലവിലുണ്ടായിരുന്ന തിരുവനന്തപുരം ആസ്ഥാന കാര്യാലയത്തിലേയ്ക്ക് മാറ്റി നിയമിച്ചത്.

തന്റെ പ്രായമായ പിതാവിനെ സംരക്ഷിക്കുന്നതിനായും ടിയാനെതിരെ നിലവിലുള്ള കേസിന്റെ ജാമ്യവ്യവസ്ഥ പ്രകാരം ഒന്നിടവിട്ട തിങ്കളാഴ്ചകളിൽ എറണാകുളത്തുള്ള അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാകണമെന്നതിനാലും എറണാകുളം ജില്ലയിലേക്കോ തൊട്ടടുത്ത ഏതെങ്കിലും ജില്ലയിലെ ഓഫീസിലേക്കോ സ്ഥലം മാറ്റം നൽകണമെന്ന് അദ്ദേഹം ഹിയറിംഗിൽ അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജയ്സൺ സി. ക്ലപ്പറിന്റെ പരാമർശം (4) ലെ നിവേദനത്തിലെ ആവശ്യവും ടിയാനെതിരെ നിലവിലുള്ള കേസിന്റെ ജാമ്യവ്യവസ്ഥ പ്രകാരം ഒന്നിടവിട്ട തിങ്കളാഴ്ചകളിൽ എറണാകുളത്തുള്ള അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാകേണ്ടതിനാലും പ്രായമായ പിതാവിനെ സംരക്ഷിക്കണമെന്ന ആവശ്യവും കണക്കിലെടുത്ത് ടിയാനെ എറണാകുളം ജില്ലയ്ക്ക് തൊട്ടടുത്ത മറ്റൊരു ജില്ലയിലെ ഓഫീസിലേയ്ക്ക് നിയമനം നൽകുന്ന കാര്യം നിലവിലുള്ള പരാമർശം (1) ലെ പൊതു സ്ഥലം മാറ്റ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 19.10.2017 ലെ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. (ഇ.കെ.എം) നം. 1888/2017 ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ടി. കാഞ്ചന,**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ് .എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
ഇൻഷ്വറൻസ് ഡയറക്ടർ(ഇൻ-ചാർജ്ജ്), തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം.(ഒ.എ.(ഇ.കെ.എം) നം. 1888/2017)
ലെയിസൺ ഓഫീസർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം.
ശ്രീ. ജയ്സൺ സി. ക്ലപ്പർ, ക്ലാർക്ക്, ഇൻഷ്വറൻസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം(ഇൻഷ്വറൻസ് ഡയറക്ടർ ഇൻ-ചാർജ്ജ് മുഖേന)
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ